(ബി) അഞ്ച് വർഷ ആവർത്തന നിക്ഷേപ പദ്ധതിയിൽ ആളിനെ ചേർക്കാനും നിക്ഷേപങ്ങൾ വാങ്ങാനും വാങ്ങിയ തുക പോസ്റ്റാഫീസിൽ നിക്ഷേപിച്ചതിന്റെ രേഖകൾ നിക്ഷേപകന് നൽകാനുമുള്ള ബാദ്ധ്യതയാണ് മഹിളാപ്രധാൻ ഏജന്റുമാർക്കുള്ളത്.

(സി) ഉദ്ദേശമുണ്ട്.

(ഡി) ഉണ്ട്.

(ഇ) അന്വേഷിക്കും.

(എഫ്) പോസ്റ്റൽ അധികാരികളുടെ സമ്മതത്തിന് വിധേയമായി പുതിയ ഏജന്റുമാരെ നിയോഗിക്കുവാൻ നടപടി എടുക്കുന്നതാണ്.

സർച്ചാർജ് ഇനത്തിൽ ലഭിച്ച തുക

8 (2456) ശ്രീ. പി. ടി. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്പന നികുതി സർച്ചാർജിനത്തിൽ കഴിഞ്ഞ അഞ്ചുവർഷം ഗവൺമെന്റിന് ലഭിച്ച തുക വാർഷികാടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ ;

(ബി) 2001 ആഗസ്റ്റ് 1 മുതൽ വില്പന നികുതിയിന്മേൽ 15% അധിക നികുതി ഏർപ്പെടുത്തിയതുമൂലം എത്ര രൂപ വരുമാനം 2003 മാർച്ച് 31 വരെ ഉണ്ടായി എന്ന് വ്യക്തമാക്കുമോ ;

(സി) സർച്ചാർജ് ആണോ, 15% അധിക വില്പന നികുതിയാണോ കൂടുതൽ വരുമാനം ഉണ്ടാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) എങ്കിൽ തുക എത്ര എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

വില്പന നികുതി പിരിവിലെ കുറവുമൂലം ഖജനാവിനുണ്ടായ നഷ്ടം

9 (2457) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വില്പന നികുതിയിനത്തിൽ 2001-02, 2002-03 വർഷങ്ങളിൽ എന്തു തുക പിരിച്ചെടുത്തുവെന്ന് പറയാമോ ;

(ബി) മുൻവർഷങ്ങളെ അപേക്ഷിച്ച് വില്പന നികുതി പിരിച്ചെടുക്കുന്നതിൽ കുറവ് വന്നിട്ടുണ്ടോ ;

(സി) എങ്കിൽ അതിനുള്ള കാരണങ്ങൾ പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വില്പന നികുതി പിരിവിലെ കുറവ് വിഭവ സമാഹരണ ലക്ഷ്യത്തെ ബാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഇ) ഇത് കാരണം സംസ്ഥാന ഖജനാവിന് നേരിട്ട നഷ്ടം വിശദമാക്കാമോ ?

ഉത്തരം

(എ) വില്പന നികുതിയിനത്തിൽ 2001-02-ൽ 4440.85 കോടി രൂപയും 2002-03-ൽ 5380.63 കോടി രൂപയും പരിച്ചെടുത്തു.

(ബി) ഇല്ല.

(സി-ഇ) ബാധകമല്ല.

നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനെ സംബന്ധിച്ച കേസ്സുകൾ

10 (2458) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനകാര്യ വകുപ്പിൽ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനെ സംബന്ധിച്ച് വ്യക്തികളുടെയും വ്യവസായ സ്ഥാപനങ്ങളുടെയും പേരിലുള്ള എത്ര ഫയലുകൾ നിലവിലുണ്ട് ;

(ബി) ഇവയിലെല്ലാം കൂടി പിരിഞ്ഞുകിട്ടാനുള്ള തുക എത്ര ;

(സി) ഇതിൽ എത്രയെണ്ണത്തിന് സ്റ്റേ അനുവദിച്ചു ;

(ഡി) ഇവയുടെ കാലപ്പഴക്കം വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത ഫയലുകളുടെ അന്തിമതീർപ്പ് നടത്തുന്നതിന് എന്ന് സാധിക്കും ?

ഉത്തരം

(എ) ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിൽ അഞ്ചു ഫയലുകൾ നിലവിലുണ്ട്.

(ബി) ഇവയിലെല്ലാം കൂടി 34,28,054 രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

(സി) ഇതിൽ ഒരെണ്ണത്തിന് സ്റ്റേ അനുവദിച്ചു.

(ഡി) ഫയലുകളെല്ലാം 2003-ൽ ഈ വകുപ്പിൽ കിട്ടിയവയാണ്.

(ഇ) ഇക്കാര്യത്തിൽ താമസംവിനാ അന്തിമതീർപ്പ് നടത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly